## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4056 — 16.03.2017-ൽ മറുപടിയ്ക്ക്

### ഒ.മാധവന്റെ ഓർമ്മയ്ക്കായി നാടക മ്യൂസിയം

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീ.ജോൺ ഫെർണാണ്ടസ് | | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിന്റെ സാമൂഹ്യ-രാഷ്ട്രീയ രംഗങ്ങളിൽ മാറ്റങ്ങൾക്ക് ശക്തി പകർന്ന് നാടകവേദിയിൽ ശക്തമായ സംഭാവനകൾ നൽകിയ അന്തരിച്ച പ്രമുഖ നടൻ ഒ.മാധവന്റെ സ്മരണ നിലനിർത്തുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | അന്തരിച്ച പ്രമുഖ നാടകാചാര്യൻ ഒ.മാധവന്റെ സ്മരണ നിലനിർത്തുന്നതിന് കേരള സംഗീത നാടക അക്കാദമി കാമ്പസിൽ അദ്ദേഹത്തിന്റെ നാമധേയത്തിൽ ഒരു ഓപ്പൺ എയർ തീയേറ്റർ ഉണ്ട്. |
| (ബി) ഒ.മാധവന്റെ ഓർമ്മകൾ നിലനിർത്താൻ കഴിയുന്ന ഒരു നാടക മ്യൂസിയം അദ്ദേഹത്തിന്റെ ജന്മനാട്ടിൽ നിർമ്മിക്കാൻ തയ്യാറാകുമോ? | (ബി) | ശ്രീ.ഒ.മാധവന് ജന്മനാട്ടിൽ ഒരു സ്മാരക മ്യൂസിയം നിർമ്മിക്കുന്നതിന് ആവശ്യമായ ഭൂമി, ലഭ്യമാക്കി, പ്ലാൻ, എസ്റ്റിമേറ്റ് സഹിതം ബന്ധപ്പെട്ട സാംസ്കാരിക സംഘടനകൾ സർക്കാരിൽ സമർപ്പിച്ചാൽ ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ